പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **927**

**03.12.2014** ൽ മറുപടിക്ക്

## ജലാശയങ്ങളെ മാലിന്യമുക്തമാക്കാൻ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) ജലാശയങ്ങളെ മാലിന്യമുക്തമാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ ജലസ്രോതസ്സുകൾ വ്യാപകമായി മലിനീകരണവിധേയമാകുന്നുണ്ട്. ഇത് നേരിടുന്നതിനായി 1974 ലെ ജലമലിനീകരണവും നിയന്ത്രണവും നിയമം മൂലം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയ മലിനീകരണ സാദ്ധ്യതയുള്ള എല്ലാ സ്ഥാപനങ്ങളും ജലസ്രോതസ്സുക ളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടെ പരിധിയിൽ കൊണ്ട് വന്നിട്ടുണ്ട്. ഈ സ്ഥാപനങ്ങളെ ജലനിയമപ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടു ത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മനിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. നദീതീരങ്ങൾ വൻതോതിൽ ഇടിയുന്ന സ്ഥലങ്ങൾ കണ്ടെത്തി അവിടെ തീര സംരക്ഷണ പ്രവൃത്തികളും കൂടുതലായി ചെളി അടിഞ്ഞു കൂടുന്ന സ്ഥലങ്ങളിൽ ചെളിയും പായലും നീക്കം ചെയ്യുന്ന പ്രവൃത്തികളും ഏറ്റെടുത്ത് നടത്തി വരുന്നു. ആഫ്രിക്കൻ പായൽ, കുള വാഴ തുടങ്ങിയ കളകളും ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ ഖരമാലിന്യവും ചെളിയും മറ്റും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാറ്റുന്ന പ്രവൃത്തികൾ നടന്നു വരുന്നു. സ്റ്റേറ്റ് ഫണ്ട്, നബാർഡ് സാമ്പത്തിക സഹായം എന്നിവ്യിൽ ഉൾപ്പെടുത്തിയാണ് പ്രധാനമായും ഇവ നടത്തിവരുന്നത്. നദികളിലെ നീരൊഴുക്ക് നിലനിർത്താൻ സഹായിക്കുന്ന തടയണകൾ നിർമ്മിക്കാൻ അനുയോജ്യമായ ഇടങ്ങൾ കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജലാശയങ്ങളിൽ ഉപ്പു വെള്ളം കയറുന്നതു തടയുന്നതിന് റെഗുലേറ്ററുകളുടെ നിർമ്മാണം ഏറ്റെടുക്കാറുമുണ്ട്. |

(ബി) ആശുപത്രികൾ, ഹോട്ടലുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയിലെ മലിനജലം ജലാശയങ്ങളിലേക്ക് തുറന്ന് വിടുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തു വിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. മലിനീകരണം ശ്രദ്ധയിൽപ്പെട്ടാൽ അവ നടത്തുന്നവർക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും മലിനീ കരണ നിയന്ത്രണ ബോർഡിനെയും ചുമതലപ്പെടുത്താറുണ്ട്.

(സി) കനോലി കനാൽ മാലിന്യമുക്തമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ സ്വീകരിച്ചുവെന്നു അറിയിക്കുമോ?

(സി) പ്രസ്തുത കനാൽ മാലിന്യമുക്തമാക്കുന്നതിനായി കനാലിൽ അടിഞ്ഞുകൂടിയ ചെളിയും പായലും നീക്കം ചെയ്യുന്ന പ്രവൃത്തികളും, അവയുടെ തീരസംരക്ഷണ പ്രവൃത്തികളുമാണ് പ്രധാനമായും ചെയ്തുവരുന്നത്. അതുമൂലം ഒരു പരിധിവരെ കനാൽ മാലിന്യമുക്തമാക്കുവാൻ കഴിയുന്നു. കൂടാതെ ആശുപത്രികൾ, ഹോട്ടലുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയിലെ മലിനജലം തുറന്നുവിടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവ നടത്തുന്നവർക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്താറുണ്ട്.

സെക്ഷൻ ഓഫീസർ